സൂറഃ-9

# അത്തൗബ

**29.** അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കാത്തവരും അല്ലാഹുവും അവന്റെ ദൂതനും നിഷിദ്ധമാക്കിയതിനെ നിഷിദ്ധമാക്കാത്തവരും സത്യദീനിനെ സ്വന്തം ദീനായി സ്വീകരിക്കാത്തവരുമായ വേദക്കാരോടു പോരാടുവിൻ; അവർ സത്യദീനിനു വിധേയരായിക്കൊണ്ട് കഴിവിൻ പടി ജിസ്‌യ നൽകുന്നതുവരെ.

قَـٰتِلُوا۟ ٱلَّذِينَ لَا يُؤْمِنُونَ بِٱللَّهِ وَلَا بِٱلْيَوْمِ ٱلْـَٔاخِرِ وَلَا يُحَرِّمُونَ مَا حَرَّمَ ٱللَّهُ
وَرَسُولُهُۥ وَلَا يَدِينُونَ دِينَ ٱلْحَقِّ مِنَ ٱلَّذِينَ أُوتُوا۟ ٱلْكِتَـٰبَ حَتَّىٰ يُعْطُوا۟
ٱلْجِزْيَةَ عَن يَدٍ وَهُمْ صَـٰغِرُونَ ﴿٢٩﴾

قَـٰتِلُوا۟= പോരാടുവിൻ ٱلَّذِينَ لَا يُؤْمِنُونَ بِٱللَّهِ= അല്ലാഹുവിൽ വിശ്വസിക്കാത്തവ(രും)രോട്
وَلَا بِٱلْيَوْمِ ٱلْـَٔاخِرِ= അന്ത്യനാളിൽ വിശ്വസിക്കാത്തവ(രും)രോടും وَلَا يُحَرِّمُونَ= നിഷിദ്ധമാക്കാത്തവ(രും)രോടും
مَا حَرَّمَ ٱللَّهُ وَرَسُولُهُۥ= അല്ലാഹുവും അവന്റെ ദൂതനും നിഷിദ്ധമാക്കിയതിനെ
وَلَا يَدِينُونَ= ദീനായി, ധർമസരണിയായി സ്വീകരിക്കാത്തവ(രും)രോടും دِينَ ٱلْحَقِّ= സത്യദീനിനെ(യഥാർഥ ധർമസരണിയെ)
مِنَ ٱلَّذِينَ أُوتُوا۟ ٱلْكِتَـٰبَ= വേദം നൽകപ്പെട്ടവരിൽനിന്നുള്ള (വേദക്കാരോട്) حَتَّىٰ يُعْطُوا۟= അവർ നൽകുന്നതുവരെ
ٱلْجِزْيَةَ = ജിസ്‌യ, സംരക്ഷണ കരം عَن يَدٍ= (സ്വ)കരങ്ങളാൽ, കഴിവിൻപടി
وَهُمْ= അവർ ആയിക്കൊണ്ട്, ആയനിലയിൽ صَـٰغِرُونَ= ചെറുതായവർ, വിധേയർ

**29:** ഇതുവരെ നൽകിയ നിർദേശങ്ങൾ, ഇസ്‌ലാമുമായി യുദ്ധത്തിനു കോപ്പുകൂട്ടുകയോ, മുസ്‌ലിംകളുമായി ചെയ്ത സമാധാന സന്ധികൾ ഏകപക്ഷീയമായി ലംഘിച്ച് ശത്രുതാപരമായ പ്രവർത്തനങ്ങളിലേർപ്പെടുകയോ ചെയ്യുന്ന വിഗ്രഹാരാധകരെ, അതായത് അറേബ്യൻ ഗോത്രങ്ങളെ നേരിടുന്നതിനെക്കുറിച്ചായിരുന്നു. അത്തരക്കാർ തങ്ങളുടെ അധാർമികമായ നടപടികളിൽ പശ്ചാത്തപിക്കുകയും ഇസ്‌ലാമിനെ അംഗീകരിച്ച് മുസ്‌ലിം സമുദായത്തിന്റെ ഭാഗമായിത്തീരുകയും ചെയ്യുന്നതുവരെ അവരോട് പൊരുതണമെന്ന് കൽപിച്ച ശേഷം, ഇസ്‌ലാമിനോട് അതേ സമീപനം സ്വീകരിച്ച വേദക്കാരോടും അപ്രകാരം തന്നെ പോരാടണമെന്ന് കൽപിച്ചിരിക്കുകയാണ് ഈ സൂക്തം.

പ്രവാചകന്റെ മദീനാ വാസത്തിന്റെ തുടക്കം മുതലേ അവിടെയുണ്ടായിരുന്ന യഹൂദ ഗോത്രങ്ങളുമായി സഖ്യബന്ധങ്ങളുണ്ടായിരുന്നു. പക്ഷേ, പിന്നീട് യഹൂദർ തങ്ങൾക്ക് ലാഭകരമെന്നു തോന്നിയ സന്ദർഭങ്ങളിലൊക്കെ ഈ കരാറുകൾ ലംഘിച്ചുകൊണ്ടിരുന്നു. അതുമൂലം മുസ്‌ലിംകൾക്ക് അവരുമായും യുദ്ധത്തിലേർപ്പെടേണ്ടിവന്നു. അങ്ങനെ പല യഹൂദ ഗോത്രങ്ങളും മദീനയിൽനിന്നു പുറത്താക്കപ്പെട്ടു. അറേബ്യയിൽ അങ്ങിങ്ങുണ്ടായിരുന്ന ക്രൈസ്തവ സമൂഹങ്ങളുമായും ആദ്യകാലത്ത് മുസ്‌ലിംകൾക്ക് നല്ല ബന്ധമായിരുന്നു. നജ്റാനിലെ ക്രൈസ്തവർ നബിയെ സന്ദർശിച്ചതും, നബി(സ) അവരുമായി കരാറിലേർപ്പെട്ടതും പ്രസിദ്ധമാണ്. എന്നാൽ ഇസ്‌ലാം അറേബ്യയിലെങ്ങും സ്വാധീനം നേടിയത് ക്രൈസ്തവ റോമിന് തീരെ രസിച്ചില്ല. അറേബ്യയുടെ അതിർത്തിപ്രദേശത്തുള്ളത് റോമാ സാമ്രാജ്യത്തിന്റെ അധിനിവിഷ്ട രാജ്യങ്ങളാണ്. അവിടുത്തെ ജനങ്ങൾ ക്രിസ്ത്യാനികളുമാണ്. ഇസ്‌ലാമിന്റെ സ്വാധീനം ഹിജാസിന്റെ പുറത്തേക്ക് കടക്കുന്നത് തങ്ങളുടെ താൽപര്യത്തിന് ഹാനികരമാണെന്ന് അവർ കണ്ടു. സൈനിക നടപടിയിലൂടെ തന്നെ ഈ ഭീഷണി ഇല്ലാതാക്കാൻ റോം തീരുമാനിച്ചു. അതിന്റെ ഭാഗമായിട്ടാണ് മുഅ്ത, തബൂക്ക് യുദ്ധങ്ങളുണ്ടാകുന്നത്. ഈ രണ്ടു യുദ്ധങ്ങളിലും ഇരു കൂട്ടർക്കും കാര്യമായ വിജയമോ പരാജയമോ ഉണ്ടായില്ല. ഏതവസരത്തിലും ഇരു കൂട്ടർക്കുമിടയിൽ ഇനിയും യുദ്ധാഗ്നി ആളിക്കത്താവുന്ന വണ്ണം സംഘർഷാത്മകമായ സാഹചര്യമായിരുന്നു ഈ സൂക്തങ്ങൾ അവതരിക്കുന്ന കാലത്ത് ഉണ്ടായിരുന്നത്. ബുഖാരി ഉദ്ധരിച്ച ഒരു ഹദീസിൽ അതേക്കുറിച്ച് ഉമർ(റ) പറയുന്നു: "എനിക്ക് ഒരു അൻസ്വാരി സഖാവുണ്ടായിരുന്നു. എന്റെ അഭാവത്തിലുണ്ടാകുന്ന വാർത്തകൾ എനിക്കെത്തിച്ചുതന്നിരുന്നത് അദ്ദേഹമാണ്. അദ്ദേഹത്തിന്റെ അഭാവത്തിലുള്ള വാർത്തകൾ ഞാൻ അദ്ദേഹത്തിനും എത്തിച്ചുകൊടുക്കും. അക്കാലത്ത് ഞങ്ങൾ ഒരു ഗസ്സാൻ രാജാവിന്റെ(അറേബ്യയുടെ അതിർത്തി പ്രദേശം ഭരിച്ചിരുന്ന ക്രൈസ്തവരും ബൈസാന്റിയക്കാരുടെ സാമന്തരു

മായ രാജവംശമാണ് ഗസ്സാൻ) ആക്രമണം ഭയപ്പെട്ടു കഴിയുകയായിരുന്നു. അവർ ഞങ്ങളെ ആക്രമിക്കാൻ ഉദ്ദേശിക്കുന്നതായും അതിനുവേണ്ടി കുതിരപ്പടയെ ഒരുക്കുന്നതായും ഞങ്ങൾക്കറിവുകിട്ടിയിട്ടുണ്ടായിരുന്നു. ഈ അവസരത്തിൽ അൻസ്വാരി സഖാവ് ഒരുദിവസം പെട്ടെന്ന് വന്ന് എന്റെ വാതിലിൽ മുട്ടിവിളിച്ചു: 'തുറക്കൂ, തുറക്കൂ.' ഞാൻ ചോദിച്ചു: 'എന്തേ, ഗസ്സാൻ പട എത്തിയോ?' അദ്ദേഹം പറഞ്ഞു: 'അതിലും വലിയ കാര്യമാണ്." തുടർന്ന് ആഗതൻ പ്രവാചകനുമായും അദ്ദേഹത്തിന്റെ പത്നിമാരുമായും ബന്ധപ്പെട്ട ചില വിശേഷങ്ങൾ പറയുകയാണ്. അക്കാലത്ത് ക്രൈസ്തവ വിഭാഗത്തിൽനിന്ന് നേരിട്ടിരുന്ന ഭീഷണിയെക്കുറിച്ച് മുസ്‌ലിംകൾ എന്തുമാത്രം ഉൽകണ്ഠാകുലരായിരുന്നു എന്ന് സ്പഷ്ടമാക്കുന്നതാണ് ഈ നിവേദനം.

ഉപരിസൂചിതമായ പശ്ചാത്തലത്തിലാണ് വേദക്കാരുമായി പോരാടാൻ ഖുർആൻ മുസ്‌ലിംകളോടാവശ്യപ്പെടുന്നത്. വൈദിക മതങ്ങളും ഇസ്‌ലാമും തമ്മിൽ സ്പഷ്ടമായ ചില സമാനതകളുണ്ട്. അതിന്റെ പേരിൽ ഇസ്‌ലാമിന് വിഗ്രഹമതങ്ങളെ അപേക്ഷിച്ച് വൈദിക മതങ്ങളോട് കൂടുതൽ മമതയുമുണ്ട്. വേദക്കാർ അറുത്ത മാംസം മുസ്‌ലിംകൾക്ക് ഭക്ഷിക്കാം. അവരിലെ സ്ത്രീകളുമായി വിവാഹബന്ധത്തിലേർപ്പെടാം. മുസ്‌ലിംകളെപ്പോലെ വേദക്കാരും അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും, അല്ലാഹു പ്രവാചകന്മാരിലൂടെ അവതരിപ്പിച്ച വിധിവിലക്കുകൾ പാലിക്കുകയും, ആധികാരികമായ ഒരു ധർമസരണി അംഗീകരിക്കുകയും ചെയ്യുന്നു എന്നതാണ് ഈ മമതക്കടിസ്ഥാനം. വേദപ്രമാണങ്ങളുടെ പ്രയോഗരീതിയിൽ കാലാന്തരത്തിൽ വന്നുചേർന്ന അപചയങ്ങളും വൈകല്യങ്ങളും പരിഹരിക്കാനും ആവശ്യമായ പരിഷ്കരണങ്ങൾ വരുത്തി പൂർണമാക്കാനുമാണല്ലോ ഇസ്‌ലാം ആഗതമായത്. യഹൂദ-ക്രൈസ്തവ വിഭാഗങ്ങളിൽ ധാരാളം പേർ ആദ്യകാലം മുതലേ ഈ യാഥാർഥ്യം അംഗീകരിക്കുകയും ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ മതസമൂഹങ്ങളെ നയിക്കുന്ന ഭരണാധികാരികളും പുരോഹിതന്മാരും സ്വാർഥലാഭങ്ങളുടെയും അധികാരതാൽപര്യങ്ങളുടെയും പേരിൽ ഇസ്‌ലാമിനെ എതിർത്തുപോന്നു. വംശീയ-ദേശീയ വികാരങ്ങളും പൂർവ പാരമ്പര്യങ്ങളോട് ആരാധനയും വളർത്തി അവർ ബഹുജനങ്ങളെ ഇസ്‌ലാമിനെതിരെ അണിനിരത്തി.

ഇങ്ങനെയുള്ളവരെയാണ് ഇവിടെ, അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കാത്തവരും അല്ലാഹുവും റസൂലും നിഷിദ്ധമാക്കിയതിനെ നിഷിദ്ധമാക്കാത്തവരും സത്യദീൻ സ്വീകരിക്കാത്തവരും എന്നു വിശേഷിപ്പിക്കുന്നത്. പ്രത്യക്ഷത്തിൽ ഇപ്പറഞ്ഞ ഗുണങ്ങളെല്ലാം ഉണ്ട് എന്ന് അവകാശപ്പെടുന്നവരാണ് എല്ലാ വൈദിക മതവിഭാഗങ്ങളും. പക്ഷേ, ഒന്നും അതിന്റെ യഥാർഥ രൂപത്തിലല്ല എന്നതാണ് കുഴപ്പം. വിശ്വാസം വികലമാക്കപ്പെടുമ്പോൾ പലപ്പോഴും അത് അവിശ്വാസത്തിനു തുല്യമായിത്തീരുന്നു. യഹൂദരും ക്രൈസ്തവരും ഏകനായ അല്ലാഹുവിലുള്ള വിശ്വാസത്തെ ബഹുദൈവവിശ്വാസമാക്കിയതെങ്ങനെയെന്ന് അടുത്ത സൂക്തത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. പരലോകത്തെ അംഗീകരിക്കുമ്പോൾ തന്നെ വിചാരണയെ അവഗണിക്കുന്നു. ദൈവം അവന്റെ 'മക്കളാ'യ ഇസ്രാഈല്യരെ യാതൊരു പാപത്തിന്റെയും പേരിൽ നരകശിക്ഷക്കിരയാക്കുകയില്ല എന്നാണ് യഹൂദ വാദം. മനുഷ്യരുടെ പാപങ്ങൾക്കെല്ലാം യേശു തന്റെ കുരിശു മരണത്തിലൂടെ പ്രായശ്ചിത്തം ചെയ്തിരിക്കുന്നു; അതിനാൽ ക്രിസ്തുവിൽ വിശ്വസിച്ചവരാരും പരലോകത്തു ശിക്ഷിക്കപ്പെടുകയില്ലെന്ന് ക്രിസ്ത്യാനികളും വിശ്വസിക്കുന്നു. മനുഷ്യന്റെ കർമങ്ങൾ അന്ത്യനാളിൽ വിചാരണ ചെയ്യപ്പെടുകയും നന്മതിന്മകൾ സ്ഥിരപ്പെടുത്തി രക്ഷാശിക്ഷകൾ വിധിക്കപ്പെടുകയും ചെയ്യും എന്നതാണ് പരലോക വിശ്വാസത്തിന്റെ കാതലായ അംശം. ഈ അംശത്തിന്റെ നിഷേധം പരലോക നിഷേധത്തിനു തുല്യമാകുന്നു. വേദക്കാർ പുരോഹിതന്മാരെയും സന്യാസിമാരെയും റബ്ബുകളായി-വിധാതാക്കളായി അംഗീകരിക്കുന്നതിനെക്കുറിച്ച് അടുത്ത സൂക്തത്തിൽ പറയുന്നുണ്ട്. പുരോഹിതന്മാരുടെ സ്വയംകൃതമായ വിധിവിലക്കുകൾ അംഗീകരിക്കുകവഴി അവർ ചെയ്യുന്നത്, ദൈവവും ദൈവദൂതനും നൽകിയ വിധിവിലക്കുകളെ തിരസ്കരിക്കുകയാണ്. ദൈവികമായ ധർമവ്യവസ്ഥയുടെ പൂർത്തീകരണാർഥം അല്ലാഹു നിയോഗിച്ച അന്ത്യപ്രവാചകനെയും അദ്ദേഹത്തിന്നവതരിച്ച വേദത്തെയും നിഷേധിക്കുന്നതിലൂടെ സത്യദീനിനെത്തന്നെ നിഷേധിച്ചിരിക്കുകയാണവർ.

ഈ വീക്ഷണകോണിലൂടെ നോക്കുമ്പോൾ ഇസ്‌ലാമിനെതിരെ യുദ്ധത്തിനൊരുമ്പെടുന്ന വേദക്കാരെയും വിഗ്രഹാരാധകരെപ്പോലെതന്നെ ശക്തമായി നേരിടേണ്ടതാണ്. എങ്കിലും പരിഗണനീയമായ ഒരു വലിയ വ്യത്യാസം അവർക്കിടയിൽ ഉണ്ട്. പ്രയോഗത്തിൽ ബഹുദൈവത്വവും സ്വേഛാപൂർണവുമായി മാറിയിട്ടുണ്ടെങ്കിലും അടിസ്ഥാനപരമായി ഏകദൈവത്തിലും പരലോകത്തിലും വിശ്വസിക്കുന്നവരും പ്രവാചകന്മാരിലൂടെ ലഭിച്ച ന്യായപ്രമാണങ്ങളെ മാനിക്കുന്നവരും ദൈവികമായ ധർമ വ്യവസ്ഥ (ദൈവരാജ്യം) എന്ന സങ്കൽപം അംഗീകരിക്കുന്നവരുമാണ് വേദക്കാർ. അവർക്ക് മാതൃകാ പുരുഷന്മാരായി പൂർവ പ്രവാചകന്മാരുണ്ട്; വേദങ്ങളുണ്ട്. ദൈവികമെന്ന് അവർ വിശ്വസിക്കുന്ന നിയമങ്ങളും ചട്ടങ്ങളുമുണ്ട്. അതുകൊണ്ട് ഇസ്‌ലാമിക വ്യവസ്ഥക്ക് കീഴിലും പാരമ്പര്യമതങ്ങൾ പിന്തുടരാനാഗ്രഹിക്കുന്ന വേദക്കാർക്ക് അതിന് അനുവാദം നൽകുന്നു. അവർ ഇസ്‌ലാമിക ഭരണസംവിധാനത്തിനു വിധേയരായിരിക്കണമെന്ന നിബന്ധനയോടെ. മുസ്‌ലിംകൾക്കുമാത്രം ബാധകമായ നിയമങ്ങളൊന്നും ഇസ്‌ലാം അവരിൽ ചുമത്തുന്നതല്ല. ജിഹാദ്- ഇസ്‌ലാമിനെ ശത്രുക്കളിൽനിന്ന് രക്ഷിച്ചു നിലനിർത്താനുള്ള സായുധ പോരാട്ടം- ഉൾപ്പെടെയുള്ള സമരപ്രവർത്തനം മുസ്‌ലിംകളിൽ മാത്രം ചുമത്തപ്പെട്ട ബാധ്യതയാണ്. അവശ്യഘട്ടങ്ങളിൽ സൈനിക സേവനം ചെയ്യേണ്ടത് ഓരോ വിശ്വാസിയുടെയും നിർബന്ധ കടമയാണ്. ഈ കടമ അമുസ്‌ലിംകളായ പൗരന്മാർക്കില്ല. എന്നാൽ അവരുടെ സുരക്ഷിതത്വം രാഷ്ട്രത്തിന്റെ നിർബന്ധ ബാധ്യതയുമാണ്. ഈ സംരക്ഷണത്തിന് അവർ ഒരു നികുതി സർക്കാറിലേക്ക് അടക്കേണ്ടതുണ്ട്. അതാണ് ജിസ്‌യ(جزية) എന്നറിയപ്പെടുന്നത്. جزية എന്ന പദത്തിന്റെ ഉൽപത്തി جزاء (പ്രതിഫലം) എന്ന അറബി പദത്തിൽ നിന്നാണെന്നും അതല്ല كزيت -നികുതി- എന്ന പാർസി പദത്തിൽനിന്നാണെന്നും ഭാഷാ പണ്ഡിതന്മാർക്കിടയിൽ രണ്ടഭിപ്രായമുണ്ട്. ആദ്യത്തെ അഭിപ്രായമനുസരിച്ച് ഇസ്‌ലാമിക രാഷ്ട്രം അന്യമതസ്ഥർക്കു നൽകുന്ന സംരക്ഷണത്തിന് ഇവർ നൽകുന്ന പ്രതിഫലമാണ് ജിസ്‌യ. രണ്ടാമത്തെ അഭിപ്രായമനുസരിച്ച് മുസ്‌ലിം പൗരന്മാരിൽനിന്ന് ഈടാക്കുന്ന സകാത്തിന്റെ സ്ഥാനത്ത് അമുസ്‌ലിം പൗരന്മാരിൽനിന്ന് ഈടാക്കുന്ന നികുതിയാണത്. സാരാംശത്തിൽ രണ്ടും ഒന്നും തന്നെ. രണ്ടായാലും മതവിശ്വാസത്തിന്റെ പേരിൽ ചുമത്തുന്ന മതനികുതിയല്ല ജിസ്‌യ. ആയിരുന്നുവെങ്കിൽ എല്ലാ മതവിശ്വാസികളിലും അതു ചുമത്തുമായിരുന്നു. കുട്ടികളും സ്ത്രീകളും വൃദ്ധന്മാരും ജിസ്‌യയിൽനിന്ന് ഒഴിവാണ്. 20-നും 50-നും മധ്യേ സൈനിക സേവനത്തിന് യോഗ്യമായ പ്രായത്തിലുള്ള പുരുഷന്മാർ മാത്രമാണ് ജിസ്‌യ നൽകേണ്ടത്. സൈനിക സേവന

ത്തിന് യോഗ്യതയുള്ളവർ അതിൽനിന്ന് ഒഴിവാകുകയും അതോടൊപ്പം രാഷ്ട്രത്തിന്റെ സുരക്ഷ മറ്റു പൗരന്മാരെപ്പോലെ തന്നെ അനുഭവിക്കുകയും ചെയ്യുന്നതിനു നൽകേണ്ട പ്രതിഫലമാണ് ജിസ്‌യ എന്ന് ഈ പ്രായപരിധിയിൽനിന്നുതന്നെ സ്പഷ്ടമാണ്. മുസ്‌ലിംകളുടെ നിർബന്ധ സൈനിക സേവനം, സകാത്ത് എന്നിവക്കു പുറമെ പരലോകനന്മ കാംക്ഷിച്ചുകൊണ്ട് ജിഹാദീ സംരംഭങ്ങൾക്ക് നൽകുന്ന സംഭാവനകൾ എന്നിവയുമായി തട്ടിച്ചു നോക്കിയാൽ അമുസ്‌ലിംകളുടെ ജിസ്‌യ അതിനെക്കാൾ എത്രയോ ലഘുവാണ്.

ജിസ്‌യ സമ്പ്രദായം ആവിഷ്കരിച്ചത് മുസ്‌ലിംകളല്ല; അതിനു മുമ്പേ പേർഷ്യയിലെ നൂഷിർവാൻ ചക്രവർത്തി 'കിസ്‌യ' എന്നപേരിൽ അതേർപ്പെടുത്തിയിട്ടുണ്ടായിരുന്നു. സൈനികരല്ലാത്ത പ്രജകൾക്ക് ഏർപ്പെടുത്തിയ പ്രത്യേക നികുതിയായിരുന്നു അത്. സൈനികരുടെ സംരക്ഷണം കർഷകർക്കും വ്യാപാരികൾക്കും വ്യവസായികൾക്കും എല്ലാം ആവശ്യമാണ്. അതുകൊണ്ട് സൈനിക ചെലവിനുള്ള വക അവരിൽനിന്ന് പിരിച്ചെടുക്കണ്ടതുണ്ട് എന്നതായിരുന്നു അദ്ദേഹത്തിന്റെ തത്ത്വം. ഇമാം ത്വബരി തന്റെ തഫ്സീറിലും ഇബ്നുൽ കസീർ തന്റെ *അൽകാമിൽ* എന്ന ഗ്രന്ഥത്തിലും ഈ ചരിത്രം വിവരിച്ചിട്ടുള്ളതായി ഇമാം റശീദ് റിദാ ഉദ്ധരിക്കുന്നു.

അദ്ദേഹം തുടർന്ന് എഴുതുന്നു: "വേതനം പറ്റിയോ അല്ലാതെയോ സൈനിക സേവനം ഏറ്റെടുക്കാൻ ബാധ്യസ്ഥരാകുന്നു എന്നതിനാൽ മുസ്‌ലിംകൾക്ക് ജിസ്‌യയിൽനിന്ന് ഒഴിവാക്കപ്പെടാൻ അവകാശമുണ്ട് എന്നകാര്യം സുസമ്മതവും സുസ്ഥിരവുമായ സംഗതിയാണ്. എന്നാൽ ഇസ്‌ലാമിക രാജ്യത്തെ അമുസ്‌ലിം പൗരന്മാരെ നേരിട്ടുള്ള സൈനിക സേവനത്തിനു നിർബന്ധിക്കാൻ യാതൊരു സാഹചര്യത്തിലും ഇസ്‌ലാമിക സർക്കാറിന് അധികാരമില്ല. പ്രത്യുത അതു അവരുടെ സ്വാതന്ത്ര്യത്തിനു വിട്ടുകൊടുക്കേണ്ടതാണ്. സ്വന്തം ജീവനും ധനവും സംരക്ഷിക്കുന്നതിന് സ്വയം പോരാടാൻ തയാറാകുന്നുവെങ്കിൽ അവരെ ജിസ്‌യയിൽനിന്നു ഒഴിവാക്കണം. സാഹസത്തിലേർപ്പെടാൻ സ്വയം തയാറാകുന്നില്ലെങ്കിൽ അൽപം ധനം -ജിസ്‌യ- വാങ്ങി സൗമനസ്യം കാണിക്കുക എന്നതിനെക്കാൾ കുറഞ്ഞ ഒന്നും ചെയ്യാനില്ല" (*തഫ്സീറുൽ മനാർ* വാ. 10, പേ. 293).

ജിസ്‌യ ഏർപ്പെടുത്തിക്കൊണ്ട് മുസ്‌ലിംകൾ അമുസ്‌ലിംകളുമായി ചെയ്ത കരാറുകളിലൊന്നും മതവിശ്വാസം പരാമർശിക്കുന്നില്ല എന്നതും ശ്രദ്ധേയമാകുന്നു. ജനങ്ങളുടെ സുരക്ഷിതത്വമാണ് അവയിലെല്ലാം പ്രാധാന്യപൂർവം പരാമർശിക്കപ്പെടുന്നത്. ഉദാഹരണമായി ഹുറാത്ത് ദേശക്കാർക്ക് ഖാലിദുബ്നു വലീദ് എഴുതിക്കൊടുത്ത കരാറ് ഇങ്ങനെ വായിക്കാം: "ഖാലിദുബ്നു വലീദ് സലോബായുടെ പുത്രൻ നസ്തോനാക്കും അദ്ദേഹത്തിന്റെ ജനത്തിനും എഴുതിക്കൊടുക്കുന്ന ലിഖിതമാണിത്: ജിസ്‌യയുടെയും സുരക്ഷയുടെയും അടിസ്ഥാനത്തിൽ ഞാൻ നിങ്ങളോട് കരാർ ചെയ്യുന്നു. നിങ്ങൾക്ക് ഉത്തരവാദിത്വവും സംരക്ഷണവുമുണ്ട്. ഞങ്ങൾ സുരക്ഷനൽകുമ്പോൾ നിങ്ങൾ ജിസ്‌യ നൽകണം. സുരക്ഷയില്ലെങ്കിൽ ജിസ്‌യയുമില്ല. ഹിജ്റ 12-ാം വർഷം സ്വഫർ മാസത്തിൽ എഴുതപ്പെട്ടത്." ഇറാഖിലെ ദിമ്മികൾ(അമുസ്‌ലിം പൗരന്മാർ) പിന്നീട് മുസ്‌ലിം നേതാക്കൾക്ക് എഴുതിയത് ഇപ്രകാരമാണ്: "മുസ്‌ലിംകളുടെയും അല്ലാത്തവരുടെയും അതിക്രമങ്ങളിൽനിന്ന് ഖാലിദും അദ്ദേഹത്തിന്റെ അമീറും ഞങ്ങളെ സംരക്ഷിക്കും എന്ന വ്യവസ്ഥയിൽ ഞങ്ങൾ ഖാലിദുമായി ചെയ്ത കരാർ പ്രകാരമുള്ള ജിസ്‌യ ഞങ്ങളിതാ അടച്ചു കഴിഞ്ഞിരിക്കുന്നു." ഖാലിദുബ്നു വലീദ് ഒരിക്കൽ ഇങ്ങനെ എഴുതിയതായും ഉദ്ധരിക്കപ്പെട്ടിരിക്കുന്നു: "ഞങ്ങൾ ശത്രുക്കളെ നിങ്ങളിൽനിന്ന് തടയുകയും നിങ്ങളെ സംരക്ഷിക്കുകയും ചെയ്താൽ മാത്രമേ ജിസ്‌യ ഈടാക്കുകയുള്ളൂ. അതിൽ പരാജയപ്പെട്ടാൽ നിങ്ങളോട് ജിസ്‌യ വാങ്ങുക ഞങ്ങൾക്ക് അനുവദനീയമല്ല."

ഈ വാഗ്ദാനങ്ങൾ വെറും വാക്കുകളായിരുന്നില്ല; കണിശമായി പാലിക്കപ്പെട്ടിരുന്നുവെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. അബൂ ഉബൈദ സിറിയയിൽ ഗവർണറായിരുന്ന കാലത്ത് പല സിറിയൻ നഗരങ്ങളും ഒരേസമയം റോമൻ സൈന്യത്തിന്റെ ആക്രമണ ഭീഷണിക്കിരയായി. ഓരോ പ്രദേശത്തെയും പ്രതിപുരുഷന്മാർ സൈനിക സഹായമാവശ്യപ്പെട്ടുകൊണ്ട് ഗവർണർക്ക് കത്തെഴുതി. എല്ലാ ദിക്കുകളിലേക്കും ഒരേസമയം സൈന്യങ്ങളെ അയക്കുക അദ്ദേഹത്തിന് അസാധ്യമായിരുന്നു. അതേപ്പറ്റി ഖാദി അബൂയൂസുഫ് തന്റെ *കിതാബുൽ ഖറാജ്* എന്ന ഗ്രന്ഥത്തിൽ ഉദ്ധരിക്കുന്നു: "ഈ സന്ദർഭത്തിൽ അബൂ ഉബൈദ എല്ലാ പട്ടണങ്ങളിലെയും പ്രതിപുരുഷന്മാർക്ക് ജനങ്ങളിൽനിന്ന് പിരിച്ചെടുത്ത ജിസ്‌യയും നികുതിയും അവർക്ക് തിരിച്ചുകൊടുക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കത്തെഴുതി. അദ്ദേഹം ഇങ്ങനെയും എഴുതി: "ജനങ്ങളോട് പറയുക: നമുക്കെതിരിൽ വൻസൈന്യങ്ങൾ സംഘടിച്ചിട്ടുള്ളതായി അറിവു കിട്ടിയതുകൊണ്ടാണ് നാം നിങ്ങളുടെ ധനം തിരിച്ചു തരുന്നത്. ഞങ്ങൾ നിങ്ങളെ സംരക്ഷിച്ചുകൊള്ളാമെന്ന് നാം തമ്മിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണല്ലോ. ഇപ്പോൾ നമുക്കതിനു കഴിയാതായിരിക്കുന്നു. അതിനാൽ നാം നിങ്ങളിൽനിന്നു വസൂൽ ചെയ്ത മുതലുകൾ തിരിച്ചു തന്നിരിക്കുന്നു. ശത്രുക്കൾക്കെതിരെ അല്ലാഹു ഞങ്ങളെ തുണക്കുകയാണെങ്കിൽ നാം തമ്മിലുള്ള ബന്ധം വ്യവസ്ഥപ്രകാരം തന്നെ നിലനിൽക്കുന്നതായിരിക്കും. ഈ വിവരം അറിയിച്ചുകൊണ്ട് മുതലുകൾ തിരിച്ചുകൊടുത്തപ്പോൾ ജനങ്ങൾ പറഞ്ഞു: അല്ലാഹു ഞങ്ങളുടെ മേൽ ഇനിയും നിങ്ങളെ അയക്കട്ടെ. ശത്രുക്കൾക്കെതിരെ അവൻ നിങ്ങളെ സഹായിക്കട്ടെ. നിങ്ങളുടെ സ്ഥാനത്ത് അവരായിരുന്നുവെങ്കിൽ ഞങ്ങൾക്ക് യാതൊന്നും തിരിച്ചുതരില്ലായിരുന്നു. ഒന്നും ഉപേക്ഷിക്കാതെ ബാക്കിയുള്ളതൊക്കെയും പിടിച്ചെടുക്കുകയും ചെയ്യുമായിരുന്നു." ഇതുപോലുള്ള നിരവധി സംഭവങ്ങൾ ഇസ്‌ലാമിക ചരിത്രത്തിൽ സ്ഥലം പിടിച്ചിട്ടുണ്ട്.

ജിസ്‌യയുടെ നിരക്ക് കൃത്യമായി നിർണയിക്കപ്പെട്ടിട്ടില്ല. ചില പ്രദേശങ്ങളിൽനിന്ന് വർഷാന്തം ഒരാൾക്ക് ഒരു ദിനാർ എന്ന നിരക്കിൽ പിരിച്ചിരുന്നതായും ചിലപ്രദേശങ്ങളിൽനിന്ന് വിഭവങ്ങളായി ജിസ്‌യ ശേഖരിച്ചിരുന്നതായും ഉദ്ധരിക്കപ്പെടുന്നു. അതതുകാലത്തെ സർക്കാറിന് സന്ദർഭവും സാഹചര്യവും ആവശ്യപ്പെടുന്നതനുസരിച്ച് ജിസ്‌യ പിരിക്കാവുന്നതാണ്. എന്നാൽ പൗരന്മാരിൽ അമിതഭാരം ചുമത്താവുന്നതല്ല. ദിമ്മികളെ പീഡിപ്പിക്കുന്നതിനെതിരെ നബി(സ) കർശനമായി താക്കീതു ചെയ്തിട്ടുണ്ട്. അമുസ്‌ലിംകളുമായി ഏറ്റുമുട്ടേണ്ടിവരികയാണെങ്കിൽ അവർ ജിസ്‌യ തന്ന് ഇസ്‌ലാമിക ഭരണത്തിനു കീഴിൽ ജീവിച്ചുകൊള്ളാം എന്നു സമ്മതിക്കുന്നതുവരെ മാത്രമേ യുദ്ധം ചെയ്യാവൂ. അതു സമ്മതിക്കുന്നതോടെ അവർ ഇസ്‌ലാമിക രാഷ്ട്രത്തിലെ പൗരന്മാരായിത്തീരുന്നു. അവർക്ക് അവരുടെ മതം പിന്തുടരാം. മറ്റെല്ലാ കാര്യങ്ങളിലും മുസ്‌ലിംകളുടെയും അവരുടെയും അവകാശ ബാധ്യതകൾ തുല്യമായിരിക്കും.

ജിസ്‌യയുടെ പ്രശ്നമുത്ഭവിക്കുന്നത് ഇസ്‌ലാമിക സമൂഹം വൈദിക മതവിഭാഗങ്ങളുമായി യുദ്ധമുണ്ടാവുകയും അവർ കീഴടങ്ങുകയും ചെയ്യുമ്പോഴാണ്. സമാധാന കാലത്ത് ഇരുവിഭാഗത്തിനും ഗുണകരമായ കരാറിന്റെയും പ്രതിജ്ഞയു

ടെയും അടിസ്ഥാനത്തിൽ അമുസ്‌ലിം പൗരന്മാർക്ക് ഇസ്‌ലാമിക രാഷ്ട്രത്തിൽ അധിവസിക്കാവുന്നതാണ്. ഇതുപോലെ അമുസ്‌ലിം രാജ്യങ്ങളിൽ മുസ്‌ലിംകൾക്കും അധിവസിക്കാം. ഇസ്‌ലാമിക രാഷ്ട്രത്തിലെ അമുസ്‌ലിം പൗരന്മാർ എന്നപോലെ അനിസ്‌ലാമിക രാഷ്ട്രത്തിലെ മുസ്‌ലിം പൗരന്മാരും അവരുടെ കരാറുകളിലും പ്രതിജ്ഞകളിലും പ്രതിബദ്ധതയുള്ളവരായിരിക്കണം. ആധുനിക ജനാധിപത്യ മതനിരപേക്ഷ രാഷ്ട്രങ്ങളുടെ സ്ഥിതി ഇതിൽനിന്നു ഭിന്നമാണ്. ഇവിടെ ആരും ആരുടെയും ഉത്തരവാദിത്വത്തിലല്ല. തുല്യമായ അവകാശ ബാധ്യതകളുള്ളവരാണ് എല്ലാവരും. അവിടത്തെ പൗരന്മാർ ദിമ്മികളുടെയോ മുസ്തഅ്മനി(അഭയം ലഭിച്ചവൻ)ന്റെയോ മുആഹിദീന്റെ(കരാറിന്റെ അടിസ്ഥാനത്തിൽ അധിവസിക്കുന്നവൻ)യോ നിർവചനത്തിൽ ഉൾപ്പെടുന്നില്ല.

മൂലത്തിലെ مِنَ ٱلَّذِينَ أُوتُوا۟ ٱلْكِتَـٰبَ എന്ന വാക്യത്തിലെ مِنَ ഭാഗികതയെ (تبعيضية) സൂചിപ്പിക്കുന്നതുമാവാം വിശദീകരണ (بيانية)സൂചകവുമാവാം. ആദ്യത്തേതാണെങ്കിൽ, വേദക്കാരിൽനിന്ന് മുകളിൽ പറഞ്ഞ ഗുണങ്ങളുള്ളവരോട് യുദ്ധം ചെയ്യുക എന്നാകും അർഥം. അങ്ങനെയല്ലാത്ത, അല്ലാഹുവിലും അന്ത്യനാളിലും ശരിയാംവണ്ണം വിശ്വസിക്കുകയും അല്ലാഹു അവതരിപ്പിച്ച ന്യായപ്രമാണങ്ങളനുസരിക്കുകയും യഥാർഥ ധർമമാർഗം പിൻപറ്റുകയും ചെയ്യുന്നവരും അക്കൂട്ടത്തിലുണ്ട്. അവരുമായി സംഘട്ടനമരുത്. അത്തരക്കാർ മുസ്‌ലിംകളോട് യുദ്ധത്തിനൊരുമ്പെടുകയില്ല. മുസ്‌ലിംകൾ തന്നെയാണവർ. ഇന്നവർ ഇസ്‌ലാമിലേക്ക് കടന്നുവന്നിട്ടില്ലെങ്കിൽ നാളെ വരേണ്ടവരാണ്. من ശബ്ദം بيانية ആണെന്ന് വെക്കുമ്പോൾ, വേദക്കാർ ഈ ഗുണങ്ങളെല്ലാം ഉള്ളവരാണ്, അഥവാ ഫലത്തിൽ വിഗ്രഹാരാധകരുടെ ഗുണങ്ങളെല്ലാം ഉള്ളവർ തന്നെയാണവർ എന്നാകുന്നു ആശയം. അതുകൊണ്ടാണ് അവരോടും യുദ്ധം ചെയ്യേണ്ടിവരുന്നത്. أَهْلِ ٱلْكِتَـٰبِ - ٱلَّذِينَ أُوتُوا۟ ٱلْكِتَـٰبَ എന്നീ വാക്കുകൾ വേദഗ്രന്ഥമുള്ള എല്ലാ മതവിഭാഗങ്ങളെയും ഉൾക്കൊള്ളുന്നുവെങ്കിലും യഹൂദ-ക്രൈസ്തവ വിഭാഗങ്ങളെ ഉദ്ദേശിച്ചാണ് സാധാരണ ഉപയോഗിക്കാറുള്ളത്. ഇവിടെ ഉദ്ദേശ്യം, അറേബ്യൻ വിഗ്രഹാരാധകരല്ലാത്ത എല്ലാ മതവിഭാഗങ്ങളുമാണെന്ന് പണ്ഡിതന്മാർ വ്യക്തമാക്കിയിരിക്കുന്നു. ഏതാണ്ട് എല്ലാ മതങ്ങളും അടിസ്ഥാനപരമായി എന്തെങ്കിലും പ്രമാണ സംഹിതയിലോ പ്രവാചക സന്ദേശത്തിലോ അധിഷ്ഠിതമായിരിക്കും; കാലക്രമത്തിൽ അതിൽ എന്തൊക്കെ മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിലും. മജൂസി മതവിഭാഗത്തോട്, വേദക്കാരോട് സ്വീകരിച്ച സമീപനം തന്നെ സ്വീകരിക്കണമെന്ന് നബി(സ) പ്രസ്താവിച്ചിട്ടുണ്ട്. അവരുടെ പ്രമാണസംഹിത ഏതെങ്കിലും പ്രവാചകനിലേക്ക് ചേർക്കപ്പെട്ടിട്ടില്ല. എങ്കിലും അതിന്റെ മൂലം പ്രവാചകസന്ദേശം തന്നെയായിരിക്കുമെന്ന് അലി(റ) സൂചിപ്പിക്കുന്നുണ്ട്. ഇതുതന്നെയാണ് ഇതര മതങ്ങളുടെയും അവസ്ഥ. പ്രകൃത സന്ദർഭത്തിലെ ٱلَّذِينَ أُوتُوا۟ ٱلْكِتَـٰبَ-യിൽ അറേബ്യൻ മുശ്‌രിക്കുകളല്ലാത്ത എല്ലാ മതവിഭാഗങ്ങളും ഉൾപ്പെടുമെന്ന പക്ഷക്കാരനാണ് ഇമാം അബൂഹനീഫ. ആധുനിക പണ്ഡിതന്മാരിൽ ഇമാം റശീദ് രിദയും അങ്ങനെയാണ് വ്യാഖ്യാനിച്ചിട്ടുള്ളത്.

മീതെനിന്ന് അനുശാസിക്കപ്പെടുന്നതും നിർബന്ധമായി അനുസരിക്കപ്പെടേണ്ടതുമായ നിയമാവലിയാണ് دين. മതം, ധർമം, നിയമവ്യവസ്ഥ, ജീവിതവ്യവസ്ഥ തുടങ്ങി സ്റ്റേറ്റ് വരെയുള്ള ആശയങ്ങളെ ഈ പദം ഉൾക്കൊള്ളുന്നു. സത്യമതം അല്ലെങ്കിൽ യഥാർഥ ധർമ സരണിയാണ് دِينَ ٱلْحَقِّ. ഇവിടെ അതുകൊണ്ടുദ്ദേശിക്കുന്നത് മുഹമ്മദ് നബി(സ)യാൽ പ്രബോധനം ചെയ്യപ്പെട്ട ജീവിതക്രമമാണ്.

عَن يَدٍ എന്ന മൂലവാക്കിനെയാണ് 'കഴിവിൻപടി' എന്ന് തർജമ ചെയ്തിട്ടുള്ളത്. സ്വന്തം കരത്താൽ, നേരിട്ട് എന്നാണ് അധികമാളുകളും സ്വീകരിച്ച അർഥം. ഭാഷാർഥത്തിൽ 'കൈ' ആണ് يَدٍ. കഴിവ്, ഔദാര്യം എന്നീ അർഥങ്ങളിലും ഉപയോഗിക്കുന്നു. 'വലിയ കഴിവുകൾക്ക് ഉടയവൻ' എന്ന അർഥത്തിൽ ദാവൂദ് നബിയെ ഖുർആൻ ذا الأيدى എന്നു വിശേഷിപ്പിക്കുന്നുണ്ട്. ഈ അർഥം പരിഗണിച്ചാണ് عَن يَدٍ നെ 'കഴിവിൻപടി' എന്ന് തർജമ ചെയ്തത്. ഇതനുസരിച്ച്, ജിസ്‌യ നൽകാൻ കഴിവുള്ളവരേ അതു നൽകേണ്ടതുള്ളൂ. സ്വന്തം കൈകൊണ്ട് നേരിട്ട് നൽകുന്നതിന് يدا بيده എന്നു പറയും. ഇതു പരിഗണിച്ചാവണം 'സ്വകരത്താൽ' എന്ന അർഥ കൽപന. ഇതനുസരിച്ച് ജിസ്‌യ ഓരോരുത്തരും നേരിട്ട് ഉത്തരവാദപ്പെട്ടവരെ ഏൽപിക്കണം. കൊടുത്തയക്കുകയോ ആരെയെങ്കിലും ചുമതലപ്പെടുത്തുകയോ ചെയ്താൽ പോരാ. صاغر ന്റെ ബഹുവചനമാണ് صَـٰغِرُونَ. ഇത് صَغُرَ എന്ന ക്രിയയിൽനിന്നുള്ളതാവാം صَغِرَ യിൽ നിന്നുമാവാം. പ്രായം കുറയുന്നതിനാണ് صَغُرَ എന്നു പറയുക. വലിപ്പമോ സ്ഥാനമോ കുറയുന്നതിന് صَغِرَ എന്നും ഉപയോഗിക്കുന്നു. ഈ സന്ദർഭത്തിലെ صَـٰغِرُونَ രണ്ടാമത്തെ ക്രിയാരൂപത്തിൽനിന്നുള്ളതാണ്. ഇസ്‌ലാമിക വ്യവസ്ഥക്ക് വിധേയരായിക്കൊണ്ട് എന്നാണ് ആശയം. എളിമയോടെ എന്നും അർഥമാവാം.

അറേബ്യൻ വിഗ്രഹാരാധകർക്ക് നൽകാതെ മറ്റുമതസ്ഥർക്കുമാത്രം നൽകിയ ഒരു ഇളവാണ് ജിസ്‌യ. മറ്റു മതങ്ങളെല്ലാം ഏതെങ്കിലും പ്രവാചകന്റെ പ്രബോധനത്തെയോ വേദത്തെയോ മറ്റു തരത്തിലുള്ള പ്രമാണസംഹിതകളെയോ ആധാരമാക്കിയുള്ളതാണ്. വികലമായതെങ്കിലും അവക്കെല്ലാം ഒരു ധർമസംഹിതയും വ്യവസ്ഥയുമുണ്ട്. അതിൽതന്നെ നിലകൊള്ളാനാഗ്രഹിക്കുന്നവർക്ക് ഇസ്‌ലാം അതിനു സ്വാതന്ത്ര്യം നൽകുകയാണ്. അറേബ്യൻ വിഗ്രഹാരാധകരുടെ അവസ്ഥ ഇതായിരുന്നില്ല. അവരെ നയിക്കുന്ന വേദപ്രമാണങ്ങളോ പ്രവാചക സന്ദേശങ്ങളോ ധർമവ്യവസ്ഥയോ ഒന്നുമുണ്ടായിരുന്നില്ല. തികഞ്ഞ അരാജകത്വവും അവ്യവസ്ഥിതിയുമായിരുന്നു അവരുടെ വ്യവസ്ഥ. കൈയൂക്കുള്ളവർക്ക് എന്തും ധർമമാണ്. വഴിയിൽ കിടക്കുന്ന ഒരു കല്ലിനോട് കൗതുകം തോന്നുന്നവർക്ക് അതെടുത്ത് വിഗ്രഹമായി പ്രതിഷ്ഠിച്ച് ആരാധിക്കാം. അന്യഗോത്രവുമായി ഏറ്റുമുട്ടിയാൽ ജയിക്കുമെങ്കിൽ അവരെ കൊള്ളയടിക്കുന്നത് ന്യായം. നീതി, സത്യം, സദാചാരം, നന്മ ഇതൊക്കെ ഓരോരുത്തർക്കും അവരവർ നിശ്ചയിക്കുന്നതായിരുന്നു. ഈ അവസ്ഥയാണ് പിൽക്കാലത്ത് പൂർണമായ ജാഹിലിയ്യത്ത് (അജ്ഞാനാവസ്ഥ, അന്ധകാരാവസ്ഥ) എന്നുവിളിക്കപ്പെട്ടത്. ജനങ്ങളെ ജാഹിലിയ്യത്തിൽനിന്ന് മോചിപ്പിക്കാൻ ആഗതമായ ഇസ്‌ലാമിന് ഒരു സാഹചര്യത്തിലും അവർക്ക് അതേ പൂർണ ജാഹിലിയ്യത്തിൽ തുടരാനുള്ള സ്വാതന്ത്ര്യമനുവദിക്കുക സാധ്യമായിരുന്നില്ല. ഇന്നും ഒരു ഇസ്‌ലാമിക വ്യവസ്ഥിതിയിൽ ഈ സ്വാതന്ത്ര്യം അനുവദിക്കുകയില്ല. കൂടാതെ പ്രവാചകന്റെ കാലത്ത് ഇസ്‌ലാമിക സമൂഹം അതിന്റെ അസ്തിത്വമുറപ്പിച്ചു വരുന്നതേ ഉണ്ടായിരുന്നുള്ളൂ. അന്ന് ഏതെങ്കിലും അറേബ്യൻ ഗോത്രങ്ങളെ അവരുടെ ജാഹിലിയ്യത്തിൽ തുടരാൻ അനുവദിച്ചിരുന്നുവെങ്കിൽ, രാജ്യത്തിനകത്തുതന്നെ രാജ്യദ്രോഹികൾക്കും വിഘടനവാദികൾക്കും പ്രവർത്തിക്കാൻ സ്വാതന്ത്ര്യം നൽകലാകുമായിരുന്നു. അതു ശക്തിപ്പെട്ടാൽ പഴയപോലെ മുസ്‌ലിംകളുടെ മതസ്വാതന്ത്ര്യവും ധാർമിക വ്യവസ്ഥയും തകർക്കപ്പെടുമായിരുന്നു. അതുകൊണ്ട് അറേബ്യൻ ഗോത്രങ്ങൾ ജാഹിലിയ്യത്തിൽനിന്ന് മാനസാന്തരപ്പെടുക എന്നതിൽകുറഞ്ഞ ഒന്നും സ്വീകാര്യമല്ല എന്ന് ഇസ്‌ലാം വിധിച്ചു. ■